**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 650** **06-12-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാം; എത്ര പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ; | (എ) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ 10 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുമായി 11 ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. മെയ് - ജൂൺ മാസങ്ങളിലായി സംരംഭകർക്കായി ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും ഓരോ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിലൂടെ 576 സംരംഭകർക്ക് പരിശീലനം നൽകി.എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഓരോ ഹെൽപ്പ് ഡസ്ക് സ്ഥാപിച്ചു. ഇതിലൂടെ 28 K-Swift Acknowledgement, 60 Udyam Registration, 38 DPR എന്നിവ സംരംഭകർക്കായി നൽകി. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ പാറത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും 3 അപേക്ഷകൾ ലഭിച്ചു. പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു. പുതിയ അപേക്ഷകൾ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയ സംരംഭകർക്കായി പി.എം.ഇ.ജി.പി, MMG to Nano, PMFME എന്നീ സബ്സിഡി സ്കീമുകളുടെ അപേക്ഷകൾ ക്ഷണിക്കുകയും ബാങ്കുകളിലേക്കു ശുപാർശകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വഴിയും മുനിസിപ്പാലിറ്റി വഴിയും ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പാക്കി വരുന്നു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ 4 പദ്ധതികളും (തേൻ സംസ്കരണ പ്രോജക്ട്, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി-2) ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ വനിതാ സംരംഭകർക്ക് സബ്സിഡി നൽകുന്ന പദ്ധതികളും നടപ്പാക്കി വരുന്നു. പുതിയതായി ആരംഭിക്കുന്ന, വ്യാപാര മേഖലയിൽ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾക്ക് പലിശ സബ്സിഡി അനുവദിക്കുന്ന KELS-OFOE പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സംരംഭകർക്ക് ലോൺ അപേക്ഷകൾ സമർപ്പിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 676 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ